(ഡി) വിലസ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതിപ്രകാരം 2011-12 മുതൽ ചെലവഴിച്ചതും നീക്കിയിരിപ്പും സംബന്ധിച്ച വിവരം താഴെ ചേർത്തിരിക്കുന്നു:

വർഷം	ചെലവ് തുക (ലക്ഷം രൂപ)	നീക്കിയിരുപ്പ് തുക
2011-12	888.27685	ഇല്ല
2012-13	4506.548	ഇല്ല
2013-14	3028.7841	ഇല്ല
2014-15	2094.25	ഇല്ല
2015-16	1700.00	ഇല്ല

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ ഇതുവരെ 347342 റബ്ബർ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 17-2-2016 വരെ 472472 സെയിൽസ് ബില്ലുകളിലായി 118.50 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചെലവ് തുക

15 (*285) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എം. ഹംസ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചെലവ് തുക ട്രഷറിയിൽ നിന്ന് ബില്ല് മുഖേന മാറണമെന്നത് പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) വീട് നിർമ്മാണം ഉൾപ്പെടെയുള്ള ക്ഷേമഫണ്ടുകളുടെ തുക ട്രഷറി നിയന്ത്രണംമൂലം മാറാൻ കഴിയാത്ത സ്ഥിതിവിശേഷം സംജാതമായിട്ടുണ്ടോ;

(സി) സാംഖ്യ സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ടോ;

(ഡി) സാമ്പത്തികവർഷം അവസാനിക്കാറായത് കണക്കിലെടുത്ത് ഇത്തരം പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കാണാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) പദ്ധതി ചെലവ് ഇക ടഷറിയിൽ നിന്ന് ബില്ല് മുഖേന മാറുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സാംഖ്യ സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് ജീവനക്കാർക്ക് കില വഴി പരിശീലനം നൽകുകയും സാംഖ്യ സോഫ്റ്റ്വെയറിന്റെ ഉപയോഗരീതി വിവരിച്ചിട്ടുള്ള കൈപ്പുസ്തകം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) ബാധകമല്ല.

കേര കർഷകരുടെ പ്രതിസന്ധി

16 (*286) ശ്രീ. മല്ലക്കര രത്നാകരൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കർഷകർ ഉല്പാദന ചെലവുപോലും ലഭിക്കാതെ തെങ്ങുകൃഷി ഉപേക്ഷിക്കുന്നത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ;

(ബി) സബ്സിഡിയിനത്തിൽ കേര കർഷകർക്ക് ലഭിച്ചിരുന്ന സഹായം ഇപ്പോൾ ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരഫെഡ് മുൻകയ്യെടുത്ത് സഹകരണ സംഘങ്ങൾ മുഖേന ന്യായവിലയ്ക്ക് നാളികേരവും കൊപ്രയും സംഭരിച്ചിരുന്ന രീതി ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ നിർത്തലാക്കിയത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ;

(ഡി) വളം, ജലസേചനം, കൂലി തുടങ്ങിയവ കണക്കിലെടുക്കുമ്പോൾ ഒരു നാളികേരത്തിന്റെ ഉല്പാദനചെലവ് എത്ര വരുമെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഇ) തെങ്ങ് കൃഷി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly